ഉത്തരം

(എ&ബി) കാലടിയെ ഹെറിറ്റേജ് സിറ്റിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ടുള്ള ഒരു നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ തീരുമാനമൊന്നും എടുത്ത് അറിയിച്ചിട്ടില്ല.

മഹാകവി എൻ.എൻ. കക്കാട് സ്മാരക നിർമ്മാണം

65 (1536) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച മഹാകവി എൻ.എൻ. കക്കാട് സ്മാരകത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ ;

(ബി) സ്മാരക നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കിയ കാര്യം അറിയിച്ചിട്ടുണ്ടോ;

(സി) സ്മാരക കെട്ടിടത്തിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സാഹിത്യ അക്കാഡമി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) സ്മാരക നിർമ്മാണത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കോട്ടൂർ ഗ്രാമപഞ്ചായത്തിൽ, പഞ്ചായത്ത് ലഭ്യമാക്കിയ ഭൂമിയിൽ മഹാകവി എൻ.എൻ.കക്കാടിന് സ്മാരകം പണിയുന്നതിന് 71 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ ഫണ്ട് സാഹിത്യ അക്കാദമിയുടെ 2016-17 വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി & സി) ഉണ്ട്.

(ഡി) തുക അനുവദിച്ചിട്ടില്ല.

ടാംവെ പൈതൃക മ്യൂസിയം

66 (1537) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന കൊച്ചിൻ ഫോറസ്റ്റ് ടാംവെയുടെ അവശിഷ്ടങ്ങൾ ശേഖരിച്ച് ചാലക്കുടി ആസ്ഥാനമാക്കി ടാംവെ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ചാലക്കുടിയിൽ ടാംവെ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly